(ഡി) പ്രസ്തുത റിപ്പോർട്ട് ലഭിച്ചെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത പഠനം നടത്തുന്നതിനുള്ള ആകെ ചെലവ് എത്ര രൂപയാണ് ; നാളിതുവരെ എത്ര രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാന ആസൂത്രണ ബോർഡിന്റെയും ജില്ലാതല സംവിധാനങ്ങളുടെയും പ്രവർത്തനരീതിയും ഘടനയും സമഗ്രമായി പരിശോധിച്ച് കൂടുതൽ മെച്ചപ്പെട്ട സേവനവും ഭരണക്രമവും നടപ്പാക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് കോളേജ് ഓഫ് ഇൻഡ്യ, ഹൈദരാബാദ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നു.

(സി&ഡി) സംസ്ഥാന ആസൂത്രണ ബോർഡിന്റെ പഠന റിപ്പോർട്ട് തയ്യാറാക്കിയിരുന്നത് പ്ലാനിംഗ്കമ്മീഷന്റെ ഘടനയുമായികൂടി താരതമ്യപ്പെടുത്തിയായിരുന്നു. പ്ലാനിംഗ് കമ്മീഷൻ നിലവിലില്ലാത്ത സാഹചര്യത്തിലും പകരം രൂപീകരിച്ച നീതി ആയോഗിൽനിന്നും ആസൂത്രണ പ്രക്രിയ സംബന്ധിച്ച് വ്യക്തമായ സൂചനകൾ ലഭിച്ചിട്ടില്ലാത്തതിനാലും റിപ്പോർട്ടിന്മേൽ തീരുമാനം കൈകൊള്ളുവാൻ കഴിഞ്ഞിട്ടില്ലാത്തതും ടി റിപ്പോർട്ട് സംസ്ഥാന ആസൂത്രണ ബോർഡിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ലാത്തതുമാകുന്നതിനാൽ റിപ്പോർട്ടിന്റെ പകർപ്പ് ഇപ്പോൾ ലഭ്യമല്ലാത്തതാണ്.

(ഇ) പ്രസ്തുത പഠനത്തിനായി സർക്കാർ ഭരണാനുമതി നൽകിയിരുന്നത് 22.95 ലക്ഷം രൂപയ്ക്കാണ്. ടി തുക പ്രസ്തുത സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗം

43 (T4078) ഡോ. ടി. എം. തോമസ് ഐസക് :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാങ്കേഴ്സ് അവലോകന യോഗത്തിൽ സംസ്ഥാനത്തിന്റെ താല്പര്യത്തിനനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനം പ്രയോജനപ്പെടുന്നുണ്ടോയെന്ന് വിലയിരുത്താറുണ്ടോ ; വിശദമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപത്തോതിൽ വൻവർദ്ധനയുണ്ടാകുമ്പോഴും വായ്പ നൽകുന്നതിന്റെ അനുപാതം കുറവാകുന്നതായ വിലയിരുത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സംസ്ഥാനത്തിന്റെ പൊതു വികസനത്തിനും സാധാരണക്കാരുടെ താൽപര്യത്തിനുമനുസരിച്ച് ബാങ്കുകളുടെ പ്രവർത്തനവും നിക്ഷേപവും പ്രയോജന പ്പെടുത്തുന്നതിന് ഏതെങ്കിലും തരത്തിലുള്ള ആലോചനകൾ അവലോകന യോഗത്തിൽ നടത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ബാങ്കിംഗ് നെറ്റ് വർക്കിന്റെ വളർച്ച, ഡെപ്പോസിറ്റ്, വിതരണം ചെയ്ത ലോൺ, ലോൺ കുടിശ്ശിക, നിക്ഷേപ തോത്, എൻ.ആർ.ഐ. ഡെപ്പോസിറ്റ്, എൻ.ആർ.ഐ. അഡ്വാൻസ്, വിദ്യാഭ്യാസലോൺ, കാർഷികലോൺ തുടങ്ങിയ രംഗങ്ങളിൽ സംസ്ഥാനത്തിലെ ജനങ്ങൾക്ക് ഉപയോഗപ്രദമായി ബാങ്കുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന കാര്യം സംസ്ഥാനതല ബാങ്കുകളുടെ സമിതി യോഗത്തിൽ വിലയിരുത്താറുണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തിന്റെ വികസനത്തിനുതകുന്ന വിഷയങ്ങളിൽ ബാങ്കുകളുടെ സഹകരണം ആവശ്യപ്പെട്ടുകൊണ്ട് നിരവധി അജണ്ടകൾ എസ്.എൽ.ബി.സി. യോഗത്തിൽ സർക്കാർ വയ്ക്കുകയും അവ ചർച്ച ചെയ്ത് തീരുമാനം എടുക്കുകയും ചെയ്യുന്നു. കൂടാതെ ബഹു.മുഖ്യമന്ത്രി, മന്ത്രിമാർ, മറ്റുന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ എസ്.എൽ.ബി.സി. യോഗങ്ങളിൽ പങ്കെടുത്തുകൊണ്ട് ബാങ്കുകളുടെ നിക്ഷേപാനുപാതവും പ്രവർത്തനവും സംബന്ധിച്ച കാര്യങ്ങളിൽ നിരവധി ശുപാർശകൾ നൽകാറുണ്ട്.

സാമൂഹിക-സാമ്പത്തിക -ജാതി സെൻസസ്

44 (4079) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസന വകുപ്പ് നടത്തുന്ന സാമൂഹിക-സാമ്പത്തിക-ജാതി സെൻസസ് ഇനിയും ഏതെല്ലാം ജില്ലകളിലാണ് ജോലികൾ പൂർത്തീകരിക്കാനുള്ളത് ;

(ബി) ഏതെല്ലാം ജില്ലകളിലെ സെൻസസ് റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

859/2017.

LIBRARY ARCHIVES Kerala Legislative Assembly